# ഫൈൻ ആർട്സ് സൊസൈറ്റി

**പരവൂർ, കൊല്ലം-691301**

**രജി. നമ്പർ : ക്യൂ. 566/76**

Web: www.fasparavur.com E-mail : fasparavur@gmail.com Tel : 0474-2513304

## നാലാമത് പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ മത്സരം 2024

മൃദംഗ വിദ്വാനും സംഗീതകുലപതി ദേവരാജൻ മാസ്റ്ററുടെ പിതാവുമായ പരവൂർ കൊച്ചു ഗോവിന്ദനാശാന്റെ സ്മരണ നിലനിർത്തുവാനും മൃദംഗവാദനത്തിൽ പ്രോത്സാഹനം നൽകുവാനുമായി കൊല്ലം ജില്ലയിലെ 15 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി (ഫാസ്) യുടെ ആഭിമുഖ്യത്തിൽ **പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ മത്സരം** നടത്തുന്നു. ദേവരാജൻ മാസ്റ്ററുടെ 97-ാം ജന്മവാർഷിക ദിനമായ 2024 സെപ്റ്റംബർ 27 വെള്ളിയാഴ്ച പകൽ നാലുമണിമുതൽ പരവൂർ എസ്.എൻ.വി.ആർ.സി. ബാങ്ക് ആഡിറ്റോറിയത്തിലാണ് മത്സരം നടത്തുന്നത്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി **2024 സെപ്റ്റംബർ 23 വൈകുന്നേരം അഞ്ചു മണി**ക്കുമുമ്പായി ഫാസ് വെബ്സൈറ്റ് **(www.fasparavur.com)** മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. **https://fasparavur.com/registration** എന്ന വെബ്സൈറ്റ് ലിങ്ക് ഉപയോഗിച്ചും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : ഫോൺ : 94460 43866 / 94957 02743.

## നിബന്ധനകൾ

1. മത്സരാർത്ഥികൾ കൊല്ലം ജില്ലയിൽനിന്നുള്ളവരും 01.01.2009-നുശേഷം ജനിച്ചവരുമായിരിക്കണം. മേൽവിലാസവും വയസ്സും തെളിയിക്കുന്നതിന് ബന്ധപ്പെട്ട സർട്ടിഫിക്കേറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഒരു ഫോട്ടോയും മത്സരത്തിനുമുമ്പ് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കണം.

2. പ്രവേശന ഫീസായ 100 രൂപ (നൂറു രൂപ മാത്രം) മണിയോർഡർ/NEFT/Google Pay ആയി പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി സെക്രട്ടറിയുടെ പേർക്ക് അയക്കേണ്ടതാണ്. എസ്.ബി. A/c No.: 11420100201224, ഫെഡറൽ ബാങ്ക്, പരവൂർ-691301, IFS Code : FDRL 0001142. Google Pay No. 9495702743.

3. മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് **പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക ക്യാഷ് അവാർഡും** (ഒന്നാം സ്ഥാനം 2,500/- രൂപ, രണ്ടാം സ്ഥാനം 1,500/- രൂപ) **മെമന്റോയും സർട്ടിഫിക്കേറ്റും** പരവൂർ എസ്.എൻ.വി.ആർ.സി. ബാങ്ക് ആഡിറ്റോറിയത്തിൽ അന്നേദിവസം വൈകുന്നേരം 6.30-നു ശേഷം നടക്കുന്ന പൊതുസമ്മേളനത്തിൽ നൽകുന്നതാണ്.

4. ഫാസ് ഇതിനുമുമ്പ് നടത്തിയ മൃദംഗമത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടിയിട്ടുള്ളവർക്ക് ഇപ്പോഴത്തെ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

5. മൃദംഗ മത്സര നടത്തിപ്പ്, അവാർഡ് നിർണ്ണയം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച അവസാന തീരുമാനം പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടേതായിരിക്കും.

വി. രാജു,<br>
സെക്രട്ടറി.